**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 714 **09.08.2017**-ലെ മറുപടിക്ക്

<u>ചെല്ലാനം പഞ്ചായത്തിലെ പട്ടികജാതി കോളനികൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ജെ. മാക്സി** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കൊച്ചി നിയോജക മണ്ഡലത്തിലെ ചെല്ലാനം പഞ്ചായത്തിലെ രണ്ട് പട്ടികജാതി കോളനികൾ പ്രത്യേക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ ; | (എ) | കൊച്ചി നിയോജക മണ്ഡലത്തിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിലെ വലിയതറ ഉപ്പുകണ്ടം കോളനിയെയാണ് അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി വികസിപ്പിക്കുന്നതിന് ഉത്തരവായിരുന്നത്. |
| (ബി) | എങ്കിൽ എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന കാര്യം വ്യക്തമാക്കാമോ ; | (ബി) | വലിയതറ ഉപ്പുകണ്ടം കോളനിക്ക് ഒരു കോടി രൂപ അനുവദിക്കുകയും അതിൽ 50 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയായ നിർമ്മിതി കേന്ദ്രത്തിന് ഒന്നാം ഗഡുവായി അനുവദിച്ച് നൽകിയിട്ടുമുണ്ട്. |
| (സി) | ഇപ്രകാരം തുക അനുവദിച്ചിട്ടുണ്ടെങ്കിൽ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (സി) | ബഹുമാനപ്പെട്ട എം.എൽ.എ-യുടെ ശുപാർശ പ്രകാരമാണ് ടി കോളനിയെ തെരഞ്ഞെടുത്ത് അംഗീകാരം നൽകിയിരുന്നത്. എന്നാൽ ജില്ലാതല ഉദ്യോഗസ്ഥരുടെ പരിശോധനയിൽ ടി കോളനി ഫീസിബിളല്ലെന്ന് കണ്ടെത്തിയതിനാൽ തുടർ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ